**ക്രമപ്രശ്നം**

## ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

<u>മി. സ്പീക്കർ</u>: ശ്രീ. എം. വിൻസെന്റ് ഒരു പ്രശ്നം രേഖാമൂലം നൽകിയിട്ടുണ്ട്. പക്ഷേ അങ്ങ് ഉന്നയിക്കുന്ന പ്രശ്നം ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്നതല്ല. എങ്കിലും പറഞ്ഞുകൊള്ളൂ.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പത്ത് ദിവസത്തെ നോട്ടീസ് നൽകി നിയമസഭയിലെ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ തലേദിവസം 5 മണിക്ക് മുമ്പ് സെക്രട്ടേറിയറ്റിൽ എത്തിക്കേണ്ടതാണ്. 26-ാം തീയതി ഞാൻ സമർപ്പിച്ച ഒരു ചോദ്യത്തിന് ഇതുവരെയും ഉത്തരം ലഭിച്ചിട്ടില്ല എന്നുമാത്രമല്ല ഞാൻ ചോദിച്ച ചോദ്യത്തിന്റെ ഉത്തരങ്ങൾ വിവരാവകാശ നിയമപ്രകാരം ജനങ്ങൾക്ക് ലഭ്യമായത് എല്ലാ മാധ്യമങ്ങളിലും വാർത്ത വന്നതാണ്. ഇത് നിയമസഭയോടുള്ള അവഹേളനം മാത്രമല്ല അംഗങ്ങളുടെ അവകാശങ്ങളെ ലംഘിക്കുന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത് എന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. ചോദ്യത്തിന്റെ സ്വഭാവത്തിലുള്ള പ്രശ്നമായാണ് കാണുന്നത്. സർക്കാരിന്റെ കയ്യിലുള്ള വിവരങ്ങൾ പത്ത് ദിവസങ്ങൾക്കുള്ളിൽ നൽകാമായിരുന്നിട്ടും നൽകിയില്ല എന്നുള്ളതാണ് ഏറ്റവും ഗൗരവതരമായൊരു വിഷയം. രണ്ട് ദിവസം

മുമ്പ് മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിനുള്ള മറുപടിയിൽ പറഞ്ഞതുപോലെ ചിറകുകളും കാലും മുറിച്ച് മാറ്റാതെ സംരക്ഷിക്കുന്ന ഒരു തത്തയുമായി ബന്ധപ്പെട്ടുള്ള ചോദ്യമായതുകൊണ്ടാണ് ഈ ചോദ്യത്തിന് മറുപടി നൽകാതിരിക്കുന്നത്. ഇത് suppression of facts മാത്രമല്ല, ഈ സർക്കാർ ആ ഉദ്യോഗസ്ഥരെ സംരക്ഷിക്കുകയാണ്. ഉദ്ദിഷ്ട കാര്യത്തിനുള്ള ഉപകാര സ്മരണയാണോ ഈ ഉത്തരം നൽകാതിരിക്കുന്നത്? അത് വ്യക്തമാക്കണം. ഈ സംസ്ഥാനത്ത് ആ തത്ത അഴിമതിയുടെ ചിറക് വിരിച്ച് പറക്കുകയാണ്. അതുകൊണ്ട് ഈ ഉത്തരം നൽകാതെ അദ്ദേഹത്തെ സംരക്ഷിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. മാത്രമല്ല അംഗങ്ങളുടെ അവകാശത്തിന്മേലുള്ള ലംഘനം കൂടിയാണിത്. അതുകൊണ്ട് അടിയന്തരമായി അങ്ങ് ഇതിന് റൂളിംഗ് നൽകണം. അങ്ങയുടെ മുൻഗാമികളായിട്ടുള്ള ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കർ ആയിരുന്നപ്പോൾ രണ്ട് തവണയും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സ്പീക്കർ ആയിരുന്നപ്പോൾ ഒരു തവണയും റൂളിംഗ് നൽകുകയുണ്ടായി. വിവരാവകാശ നിയമപ്രകാരം ജനങ്ങൾക്ക് വിവരം ലഭിക്കുമ്പോൾ അംഗങ്ങൾക്ക് ആ വിവരങ്ങൾ ലഭിക്കുന്നില്ല. വിവരങ്ങൾ സർക്കാരിന്റെ കയ്യിലുണ്ട്. നിലവിൽ സർക്കാരിന്റെ കയ്യിലുള്ള വിവരങ്ങൾ കൈമാറാൻ എന്തുകൊണ്ടാണ് ഈ സർക്കാർ അമാന്തിക്കുന്നത്?

പി-19-10-2016
എ.എസ്.-ബി.സി.-1
12.40-12.50

(ക്രമപ്രശ്നം ..... തുടർച്ച)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണ ഗതിയിൽ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് 'വിവരം ശേഖരിച്ചുവരുന്നു' എന്ന മറുപടി നൽകിയാൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അത് മേശപ്പുറത്ത് വയ്ക്കുകയോ ലൈബ്രറിയിൽ ലഭ്യമാക്കുകയോ ചെയ്യാറുണ്ട്. പല ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. അങ്ങ് അത് പരിശോധിക്കണം. അത് suppression of facts ആയി ഞങ്ങൾക്ക് തോന്നുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. വിൻസെന്റ് ഉന്നയിച്ച കാര്യം വളരെ ഗൗരവമാണ്. അങ്ങ് ദയവായി അംഗങ്ങളുടെ താല്പര്യം സംരക്ഷിക്കണം. അങ്ങയുടെ പ്രൊട്ടക്ഷൻ ഞങ്ങൾക്ക് വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അംഗങ്ങൾ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം നൽകുക തന്നെ വേണം. കഴിഞ്ഞ നിയമസഭയിൽ ഞാൻ ചോദിച്ച ചോദ്യത്തിന് ഞാനിപ്പോൾ ഉത്തരം

പറയുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ..

മി. സ്പീക്കർ: പ്ലീസ് ....പ്ലീസ് ..... ഇരിക്കണം. അദ്ദേഹം ശക്തമായി ഉന്നയിച്ചു. പ്രതിപക്ഷനേതാവ് അത് endorse ചെയ്ത് സംസാരിച്ചു. ഇനിയെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആർ.റ്റി.ഐ ആക്ടനുസരിച്ച് ചോദ്യം ചോദിച്ചാൽ മറുപടി ലഭിക്കണം. അങ്ങനെ ഉത്തരം ലഭിക്കാതെ വന്നാൽ അതിന്മേൽ അപ്പീൽ നൽകിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പിഴ അടയ്ക്കേണ്ടിവരും. പിഴ അടയ്ക്കേണ്ടിവരുമെന്നുള്ള ഭയത്താലാണ് വിവരാവകാശം അനുസരിച്ചുള്ള ചോദ്യത്തിന് ഉത്തരം ലഭിക്കുന്നത്. നിയമസഭയിലെ അംഗങ്ങൾക്ക് privilege ഉണ്ട്. വിവരാവകാശം അനുസരിച്ച് ലഭിക്കുന്ന ഉത്തരം നിയമസഭയിൽക്കൂടി ലഭ്യമാക്കിക്കൂടെ, അത് നിയമസഭയിൽ ലഭിക്കേണ്ടതല്ലേ? ഉത്തരം ശേഖരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അവിടെ നൽകുകയില്ലല്ലോ. അതുകൊണ്ട് അംഗങ്ങളുടെ ഈ privilege അങ്ങ് സംരക്ഷിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

(റൂളിംഗ്)

**റൂളിംഗ്**

**ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്**

മി. സ്പീക്കർ: ചട്ടപ്രകാരമുള്ള ഒരവകാശം അംഗങ്ങൾക്ക് നിഷേധിക്കപ്പെട്ടാൽ ചട്ടം 303 പ്രകാരം പോയിന്റ് ഓഫ് ഓർഡറായി ഉന്നയിക്കാൻ അവകാശമുണ്ട്. അതാണ് ബഹുമാനപ്പെട്ട നിയമസഭാ സാമാജികൻ ഉപയോഗപ്പെടുത്തിയത്. സാമാജികർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്ത വിഷയം നേരത്തെയും നമ്മൾ ചർച്ച ചെയ്തതാണ്. ഒരു കാരണവശാലും ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഗവൺമെന്റും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.